**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊച്ചി കോർപ്പറേഷൻ പരിധിയിലെ ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് എൽ.എ.ആർ കേസുകളിന്മേലുള്ള ബാദ്ധ്യത തീർക്കുന്നതിന് 55,69,75,000/- രൂപ അനുവദിച്ചും സ്പെഷ്യൽ തഹസീൽദാരുടെ അക്കൗണ്ടിലുള്ള 11 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.1961/17/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 13.06.2017

വായന :
1) സ.ഉ.(സാധാ)നം.1057/2017/ഫിൻ തീയതി 09/02/2017
2) സ.ഉ.(സാധാ)നം.1280/2017/ഫിൻ തീയതി 17.02.2017
3) സ.ഉ.(സാധാ)567/2017/ത.സ്വ.ഭ.വ തീയതി 01.03.2017
4) നഗരകാര്യ ഡയറക്ടറുടെ 19/04/2017 ലെ ഡി.സി.2-16516/13 നമ്പർ കത്ത്
5) സ.ഉ.(സാധാ)4287/2017/ഫിൻ തീയതി 22.05.2017

**ഉത്തരവ്**

കൊച്ചി കോർപ്പറേഷൻ പരിധിയിലെ ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് എൽ.എ.ആർ കേസുകളിന്മേലുള്ള ബാദ്ധ്യത തീർക്കുന്നതിന് മുകളിൽ ഒന്നും രണ്ടും വായിച്ച ഉത്തരവ് പ്രകാരം 55,69,75,000/- രൂപ അനുവദിച്ചിട്ടുള്ളതാണ്. മൂന്നാമതായി വായിച്ച ഉത്തരവ് പ്രകാരം സ്പെഷ്യൽ തഹസീൽദാരുടെ അക്കൗണ്ടിലുള്ള 11 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ 2016-17 കാലയളവിൽ മുകളിൽ വായിച്ച ഒന്നും രണ്ടും പ്രകാരമുള്ള ഉത്തരവിലൂടെ അനുവദിച്ച 55,69,75,000/- രൂപ (35,00,00,000/- + 20,69,75,000/-) പിൻവലിച്ചിരുന്നില്ല. ടി തുക അനുവദിച്ച് ഉത്തരവാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നഗരകാര്യ ഡയറക്ടർ നാലാമതായി വായിച്ച കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 55,69,75,000/- രൂപ 6217-60-190-99 എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് വായന (5) പ്രകാരം ഉത്തരവായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. വായന (5)ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 55,69,75,000/- രൂപ 6217-60-190-99 എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചും കൊച്ചി സ്പെഷ്യൽ തഹസീൽദാരുടെ അക്കൗണ്ടിലുള്ള 11 കോടി രൂപ ചെലവഴിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു. നഗരകാര്യ ഡയറക്ടർ ടി തുക അനുവദനീയമായ ഗ്രാന്റിൽ നിന്നും നികത്തിക്കിട്ടുന്നതിനുള്ള ശുപാർശ യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
ജില്ലാ കളക്ടർ, എറണാകുളം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്( 25/02/2017-ലെ Dev-2/167/2016-Fin പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ